<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ആറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1215 — 13.12.2012 ൽ മറുപടിക്ക്

# ഹിന്ദു വനിതാ സംഘം കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അവകാശം

| ചോദ്യം<br><br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം വില്ലേജിൽ സർവ്വെ നമ്പർ 597,598-ൽ പ്പെട്ട 50 സെന്റ് സ്ഥലം ഹിന്ദു വനിതാ സംഘം എന്ന പേരിൽ കൈവശം വച്ച് വരുന്നുണ്ടോ; | എ) ഇല്ല |
| ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വെളിപ്പെടുത്താമോ; | ബി) റവന്യൂ വകുപ്പിനാണ് |
| സി) കൈവശം വച്ച് വരുന്ന സ്ഥാപനത്തിന് പ്രസ്തുത സ്ഥലം ലഭ്യമായത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; | സി) പാട്ടവ്യവസ്ഥ പ്രകാരമാണ് പ്രസ്തുത സ്ഥലം സ്ഥാപനത്തിന് ലഭ്യമായത്. ആയത് 30.4.2012 ലെ GO(MS)No.179/2012/RD ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത് റവന്യു വകുപ്പ് തിരിച്ചെടുത്തിട്ടുണ്ട്. |
| ഡി) പ്രസ്തുത ഭൂമി നിയമാനുസൃത മായിട്ടാണോ ഹിന്ദു വനിതാ സംഘം കൈവശം വച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; റവന്യൂ ഭൂമിയാണെങ്കിൽ അത് കൈവശപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഡി) ബഹു.ഹൈക്കോടതിയുടെ WP(C)No.2982/03(W)നമ്പർ കേസിലെ 12.8.2009-ലെ ഉത്തരവ് പ്രകാരം കക്ഷിയെ നേരിൽ കേൾക്കുകയും 30.4.2012-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)179/2012/റവ പ്രകാരം പാട്ട ഭൂമി തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കാൻ ഉത്തരവായിരുന്നു. തുടർന്ന് ജി.ഒ(എം.എസ്) നം.190/2012/റവ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സഹകരണ വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് 7.7.2012 മുതൽ ഹിന്ദു വനിതാസംഘം പ്രവർത്തകർ അനധികൃത കൈയ്യേറ്റം നടത്തിയിരുന്നുവെന്ന് കണ്ടതിനെ തുടർന്ന് തിരുവനന്തപുരം അഡീഷണൽ തഹസിൽദാർ കെ.എൽ.സി. ആക്ട് പ്രകാരം സ്ഥലം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും അതിനെതിരേ ഹിന്ദുവനിതാ സംഘം WP(C)No.27880/2012- നമ്പരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ 23.11.2012-ന് 10 ദിവസത്തേക്ക് "Status quo" ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ